# GOVERNMENT OF KERALA

## Abstract

Science and Technology Department - Fixation of pay, allowances and entitlements in respect of the post of Director, Institute of Advanced Virology, Thonnakkal, Thiruvananthapuram - Appointment of Dr. E Sreekumar, Scientist F, Rajiv Gandhi Centre for Biotechnology in the post of Director, Institute of Advanced Virology on deputation basis for five years - Fixation of his pay, allowances and other entitlements - Orders issued

## SCIENCE AND TECHNOLOGY (A) DEPARTMENT

G.O.(Ms)No.34/2021/S&TD Dated,Thiruvananthapuram, 30/09/2021

Read:- 1 Government Order (Ms) Number. 16/2020/S&TD dated 07/08/2020

2 Government Order (Ms) Number. 30/2021/S&TD dated 17/08/2021

3 Letter Number. RGCB/Admn/1023/2021 dated 17/09/2021 from Director Rajiv Gandhi Centre for Biotechnology

## ORDER

The post of Director, Institute of Advanced Virology (IAV) had been created, as per Government Order read as first paper above.

2. Dr.E.Sreekumar, Scientist F, Rajiv Gandhi Centre for Biotechnology (RGCB) Thiruvananthapuram was appointed in the post of Director, Institute of Advanced Virology on deputation basis with protection of his pay and allowances, as per Government Order read as second paper above.

3. Director, Rajiv Gandhi Centre for Biotechnology has furnished proposal for fixing pay and other allowances for Dr.E.Sreekumar, as per

letter read as third paper above.

4.Government have examined the proposal and hereby order the following in respect of the post of Director, Institute of Advanced Virology:

i. Pay scale /level in respect of the post of Director, Institute of Advanced Virology is fixed at Pay Level 14, as per $7^{th}$ Central Pay Commission recommendations;

ii. A dedicated official vehicle with driver for official conveyances is allowed to the post of Director, Institute of Advanced Virology;

iii. All personal amenities at par with Directors of similar Institutes, viz., Internet connection at home, mobile connection, residence phone, official telephone connections are provided to the post of Director, Institute of Advanced Virology.

5. Government hereby fix pay, allowances and other entitlements of Dr. E Sreekumar as follows:

i. Dr. E Sreekumar, Scientist F in Rajiv Gandhi Centre for Biotechnology is appointed in the post of Director, Institute of Advanced Virology on deputation basis for a period of five years;

ii. On the basis of the Last Pay Certificate which will be obtained from RGCB, his pay will be fixed at Pay Level 14, as per $7^{th}$ Central Pay Commission recommendations and as per the Central pay fixation rules, with all attached Allowances (including Dearness Allowance, House Rent Allowance, Children Education Allowance, Leave Travel Concession, Travelling Allowance for official purposes etc.) as per 7th CPC recommendations;

iii. Dr. E Sreekumar is permitted to be covered under National Pension Scheme; He and his dependents are permitted to continue under the coverage of Contributory Health Service Scheme (CHSS) of RGCB; Applicable monthly deductions in respect of NPS, CHSS etc. will be remitted to the Director, Rajiv Gandhi Centre for Biotechnology, Thiruvananthapuram on monthly basis; The Leave Salary contribution during the deputation period will also be remitted to RGCB;

iv. Dr. E Sreekumar is permitted to retain and guide his current Ph.D students during the deputation period;

v. His monthly pay will be disbursed on such due dates, as prescribed by the Government of India from time to time which is applicable

to RGCB;

vi. An exclusive and furnished Laboratory at IAV building, in addition to befitting office chamber and attached space for accommodating dedicated staff for carrying out the allotted work will be provided to Dr. E Sreekumar.

(By order of the Governor)
Prof Dr K P Sudheer
Ex-officio Principal Secretary

To:

Director, Institute of Advanced Virology, Thonnakkal , Thiruvananthapuram

Director, Rajiv Gandhi Centre for Biotechnology, Thiruvananthapuram.

Principal Accountant General (A& E/ Audit) Kerala

Finance Department (UO Remarks Number.PUC4/116/2021-FIN dated 24/09/2021 and 25/09/2021)

General Administration (SC) Department (Vide Minutes of the Council of Ministers item No.286 dated 29/9/2021)

Information and Public Relation Department

Stock File/ Office Copy

Forwarded /By order

Section Officer

**രഹസ്യം**

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 29-09-2021**

ഫയൽ നം. എ3/135/2021-ശാ.സാ.വ. ഇനം നം: 286

വിഷയം : ശാസ്ത്ര സാങ്കേതിക വകുപ്പ് - തിരുവനന്തപുരത്ത് തോന്നയ്ക്കലിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയുടെ ശമ്പളവും അലവൻസുകളും ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ സയന്റിസ്റ്റ്-എഫ് ആയ ഡോ. ഇ. ശ്രീകുമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേയ്ക്ക് ടി തസ്തികയിൽ നിയമിക്കുന്നതും, ടിയാന്റെ ശമ്പളവും ബത്തകളും, ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.

5483443/2021/S&TD (OS)

286

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എ 3/135/2021-ശാ.സാ.വ. |
| 2. | വകുപ്പ് | : ശാസ്ത്ര സാങ്കേതിക (എ) വകുപ്പ് |
| 3 | വിഷയം | : തിരുവനന്തപുരത്ത് തോന്നയ്ക്കലിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയുടെ ശമ്പളവും അലവൻസുകളും ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ സയന്റിസ്റ്റ്-എഫ് ആയ ഡോ.ഇ.ശ്രീകുമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേക്ക് ടി തസ്തികയിൽ നിയമിക്കുന്നതും, ടിയാന്റെ ശമ്പളവും ബത്തകളും ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും സംബന്ധിച്ച്:- |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 22/09/21 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട്. |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഇല്ല. |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ | : -ശ്രീ.മധു . ആർ |

സെക്രട്ടറിയുടെ പേര്

8 കരട് കുറിപ്പ് അംഗീകരിച്ച എക്സ് ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് : പ്രൊഫ.(ഡോ).കെ.പി.സുധീർ

9 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് എക്സ് ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി : 25-09-2021

10 കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : -ഡോ.വി.പി.ജോയ്

11 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 28-09-2021

12 കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ശ്രീ.പിണറായി വിജയൻ

13 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി : 28-09-2021

14 കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 28-09-2021

15 മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി :

16 തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും :

5483443/2021/S&TD (OS)

1

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ

തിരുവനന്തപുരത്ത് തോന്നയ്ക്കലിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി(ഐ.എ.വി) യിലെ ഡയറക്ടർ തസ്തികയുടെ ശമ്പളവും അലവൻസുകളും ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർ.ജി.സി.ബി)-യിലെ സയന്റിസ്റ്റ് എഫ് ആയ ഡോ.ഇ.ശ്രീകുമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേക്ക് ടി തസ്തികയിൽ നിയമിക്കുന്നതും, ടിയാന്റെ ശമ്പളവും ബത്തകളും ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതുമാണ് ഈ കുറിപ്പിലെ വിഷയം.

2. 07.08.2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2020 ശാ.സാ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഡയറക്ടർ തസ്തിക സൃഷ്ടിച്ചു.

3. 17.08.2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നംമ്പർ 30/2021/ശാ.സ.വ പ്രകാരം, തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി(ആർ.ജി.സി.ബി)യിലെ ഡോ.ഇ.ശ്രീകുമാർ, സയന്റിസ്റ്റ് എഫ്- നെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ തസ്തികയിൽ, ശമ്പളവും ഇതര ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു.

4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ സ്ഥാനം ഏറ്റെടുക്കാൻ ഡോ. ഇ ശ്രീകുമാർ ഉപാധികളോടെ സന്നദ്ധത അറിയിച്ചു.

5. ഡോ. ഇ ശ്രീകുമാറിന്റെ ശമ്പളവും ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. ശിപാർശയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

i. ഡോ. ഇ ശ്രീകുമാർ ഉപാധികളോടെ അഞ്ച് വർഷത്തേക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഡയറക്ടർ തസ്തിക ഏറ്റെടുക്കുന്നതിന് സന്നദ്ധനാണ്. ടിയാനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേക്ക് നിയമിക്കുന്നതിനായി വിടുതൽ ചെയ്യുന്നതിന് മാതൃ സ്ഥാപനത്തിന് എതിർപ്പില്ല. അന്യത്ര സേവന കാലാവധി നിശ്ചയിക്കേണ്ടതുണ്ട്.

ii. തസ്തികയുടെ ഏറ്റവും കുറഞ്ഞ ശമ്പളം ആർ.ജി.സി.ബി-യിൽ ഡോ. ഇ. ശ്രീകുമാർ നിലവിൽ വാങ്ങുന്ന ശമ്പളത്തേക്കാൾ, അടുത്ത ഉയർന്ന നിരക്കായ പേ ലെവൽ-14 ൽ നിശ്ചയിക്കപ്പെടുമെന്ന് അനുമാനിക്കുന്നു. ഉയർന്ന ശമ്പള സ്കെയിലുള്ള ഒരു വ്യക്തിയെ താഴ്ന്ന ശമ്പള സ്കെയിലിൽ നിയമിക്കുവാൻ ഭാരത സർക്കാർ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

iii. അടിസ്ഥാന ചട്ടങ്ങൾക്കനുസൃതമായി അന്യത്ര സേവന കാലയളവിലെ ശമ്പളവും ബത്തകളും കേരള സർക്കാർ നിശ്ചയിക്കേണ്ടതുണ്ട്. യാതൊരു സാഹചര്യത്തിലും, ഉദ്യോഗസ്ഥന് ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ ശമ്പളം നൽകുന്ന സാഹചര്യം ഉണ്ടാകരുത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ

അന്യത്ര സേവന വ്യവസ്ഥയിൽ ഡയറക്ടർ തസ്തിക ഏറ്റെടുക്കുന്നതിന് ടിയാൻ വിടുതൽചെയ്യപ്പെടുന്ന പക്ഷം, ടിയാൻ അവസാനം വാങ്ങിയ ശമ്പള സർട്ടിഫിക്കറ്റ് ഔപചാരികമായി ലഭ്യമാക്കുന്നതാണ്.

iv. ഐ.എ.വി ഡയറക്ടർക്ക് നിർണ്ണയിക്കുന്ന ശമ്പളത്തിന് അനുവദനീയമായ എല്ലാ ബത്തകളും, അതായത് ക്ഷാമബത്ത, വീട്ടുവാടക ബത്ത തുടങ്ങിയവയും ഇതര ആനുകൂല്യങ്ങളും, കേരള സർക്കാർ അനുവദിക്കേണ്ടതുണ്ട്.

v. ഡോ. ഇ ശ്രീകുമാർ നിലവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ ആശ്രിതരും ആർ.ജി.സി.ബി യുടെ കോൺട്രിബ്യൂട്ടറി ഹെൽത്ത് സർവീസ് സ്കീമിന്റെ (സി.എച്ച്എസ്എസ്) പരിരക്ഷയ്ക്ക് കീഴിൽ തുടരണമെന്ന താത്പര്യം അദ്ദേഹം അറിയിച്ചിട്ടുണ്ട്. എൻ.പി.എസ്, സി.എച്ച്.എസ്.എസ് മുതലായവയ്ക്ക് ബാധകമായ പ്രതിമാസ കിഴിവുകൾ നടത്തി ആയവ പ്രതിമാസം ഡയറക്ടർ, ആർ.ജി.സി.ബി ക്ക് കേരള സർക്കാർ അടയ്ക്കേണ്ടതാണ്. അന്യത്ര സേവന കലയാളവിലെ ലീവ് സാലറി സംഭാവനയും കേരള സർക്കാർ ആർ.ജി.സി.ബി ക്ക് അടയ്ക്കേണ്ടതാണ്.

vi. ഡോ. ഇ ശ്രീകുമാർ അന്യത്ര സേവന കാലയളവിൽ തന്റെ നിലവിലെ പി.എ.ച്ച്ഡി വിദ്യാർത്ഥികളെ നിലനിർത്തുവാനും നയിക്കുവാനും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആർ.ജി.സി.ബി ക്ക് എതിർപ്പില്ല.

vii. അന്യത്ര സേവന കാലയളവ് പൂർത്തിയാക്കിയ ശേഷമോ എന്തെങ്കിലും കാരണങ്ങളാൽ മൂന്ന് മാസത്തെ നോട്ടീസ് നൽകി അന്യത്ര സേവനം റദ്ദാക്കിയതിന് ശേഷമോ ആർ.ജി.സി.ബി യിൽ പുന:പ്രവേശനം അനുവദിക്കുന്നതാണ്.

viii. ഐ.എ.വി - യിൽ ഡോ.ഇ ശ്രീകുമാറിന് ചുവടെ ചേർക്കുന്ന ഏർപ്പാടുകൾ/ സൗകര്യങ്ങൾ നൽകേണ്ടതാണ്.

a. ഏഴാമത്തെ കേന്ദ്ര ശമ്പള കമ്മീഷന്റെ പേ ലെവൽ –14 അല്ലെങ്കിൽ അതിനുമുയർന്ന പേ ലെവൽ, ഒപ്പം എല്ലാ അനുബന്ധ ആനുകൂല്യങ്ങളും (ക്ഷാമബത്ത, വീട്ടുവാടക ബത്ത, കുട്ടികളുടെ വിദ്യാഭ്യാസ ബത്ത, ലീവ് ട്രാവൽ കൺസ്സഷൻ തുടങ്ങിയവ ഉൾപ്പെടെ) അനുവദിക്കേണ്ടതാണ്;

b. ശമ്പളം നിർണ്ണയം സംബന്ധിച്ച് നിലവിലുള്ള കേന്ദ്ര സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി, അടിസ്ഥാന ശമ്പളം നിർണ്ണയിക്കേണ്ടതാണ്; ;

c. ആർ.ജി.സി.ബി –ക്ക് ബാധകമായതും, കാലാകാലങ്ങളിൽ ഭാരത സർക്കാർ നിർദ്ദേശിക്കുന്നതുമായ നിശ്ചിത തീയതികളിൽ പ്രതിമാസ ശമ്പളം വിതരണം ചെയ്യേണ്ടതാണ്;

d. ശിപാർശ ചെയ്തിട്ടുള്ള അന്യത്ര സേവന കാലയളവിലെ ശമ്പളവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, ആർ.ജി.സി.ബി –യിൽ സ്ഥിര നിയമിതനായ ഒരു ശാസ്ത്രജ്ഞൻ ജി/എച്ച്- ന് ലഭിക്കുന്നവയ്ക്ക് തുല്യമായിരിക്കേണ്ടതാണ്;

e. എല്ലാ ഔദ്യോഗിക യാത്രകൾക്കുമായി ഡ്രൈവർ സഹിതം ഒരു ഔദ്യോഗിക വാഹനം ഡോ.ഇ ശ്രീകുമാർ ആവശ്യപ്പെട്ടിട്ടുണ്ട്;

f. സമാന സ്ഥാപനങ്ങളുടെ ഡയറക്ടർമാർക്ക് വ്യക്തിപരമായി അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ, അതായത്, വീട്ടിലെ ഇന്റർനെറ്റ് കണക്ഷൻ, മൊബൈൽ കണക്ഷൻ, വീട്ടിലെ ഫോൺ, ഔദ്യോഗിക ടെലിഫോൺ കണക്ഷനുകൾ കാര്യനിർവ്വഹണത്തിനും സഹായത്തിനുമായുള്ള ജീവനക്കാർ, തുടങ്ങിയവ അനുവദിക്കേണ്ടതാണ്;

g. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി കെട്ടിടത്തിൽ അനുയോജ്യമായ ഓഫീസ് മുറി കൂടാതെ പ്രത്യേകമായി സജ്ജീകരിച്ച ഒരു ലബോറട്ടറിയും ഒപ്പമുള്ള ജീവനക്കാർക്ക് നിശ്ചിത പ്രവർത്തികൾ ചെയ്യുന്നതിനുള്ള സ്ഥല സൗകര്യങ്ങളും ഒരുക്കേണ്ടതാണ്.

6. ഉത്തരവുകൾക്കായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും, ബഹു.മുഖ്യമന്ത്രി ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയും ചെയ്തു.

7. ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടറായ ഡോ.ഇ.ശ്രീകുമാറിന്റെ ശമ്പളവും ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിന് നൽകി. ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കി.

"Finance agrees to place the proposal for appointing Dr.E.Sreekumar,Scientist F, Rajiv Gandhi Centre for Biotechnology(RGCB) as Director,Institute of Advanced Virology, on deputation basis, before the Cabinet for approval. He may be allowed to draw the present pay and allowances in RGCB upon selection in the new assignment as Director in IAV on deputation basis.The period of deputation is one year ,that can be extended on successful completion of his initial term in IAV."

8. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുനപരിശോധിക്കുന്നതിലേക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് വീണ്ടും അയക്കുകയുണ്ടായി.

i . 17.08.2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നംമ്പർ 30/2021/ശാ.സ.വ പ്രകാരം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ഡോ.ഇ.ശ്രീകുമാർ, സയന്റിസ്റ്റ് എഫ്- നെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ

തസ്തികയിൽ നിയമിച്ചിട്ടുണ്ട്. ടിയാന്റെ സേവനം അഞ്ച് വർഷത്തേക്ക് വിടുതൽ ചെയ്യുന്നതിന് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഡയറക്ടർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാനെ ഇപ്പോൾ അഞ്ച് വർഷത്തേക്ക് നിയമിക്കാവുന്നതാണോ;

ii. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ തസ്തിക സൃഷ്ടിച്ചപ്പോൾ ടി തസ്തികയുടെ പേ സ്കെയിൽ / ലെവൽ വ്യക്തമാക്കിയിരുന്നില്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള സംസ്ഥാനത്തിലുള്ള സമാന സ്ഥാപനങ്ങളിലെ ഡയറക്ടർമാരുടെ പേ സ്കെയിൽ 7–ാം കേന്ദ്ര ശംമ്പള കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രകാരം പേ ലെവൽ –14–ലാണ് നിശ്ചയിച്ചിരിക്കുന്നത് (PB4-AGP 10,000 6 –ാം CPC). ഡോ.അഖിൽ സി.ബാനർജിയെ ഐ.എ.വി ഡയറക്ടറായി നിയമിച്ചപ്പോൾ ടിയാന്റെ ശമ്പളവും പേ ലെവൽ 14 (7 –ാം CPC)ലാണ് നിശ്ചയിച്ചത്. ആയതിനാൽ ഐ.എ.വി ഡയറക്ടറുടെ ശമ്പളവും 7–ാം കേന്ദ്ര ശംമ്പള കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രകാരം പേ ലെവൽ 14 ൽ നിശ്ചയിക്കാവുന്നതാണ്. ഡോ.ഇ.ശ്രീകുമാറിന്റെ ശമ്പളം 7–ാം CPC നിർദ്ദേശങ്ങൾ പ്രകാരവും കേന്ദ്ര ശമ്പള നിർണ്ണയ ചട്ടങ്ങൾ പ്രകാരവും പേ ലെവൽ 14 ൽ നിശ്ചയിക്കാവുന്നതും, ആയതിനൊപ്പം 7–ാം CPC നിർദ്ദേശങ്ങൾ പ്രകാരം എല്ലാ അനുബന്ധ ആനുകൂല്യങ്ങളും (ക്ഷാമബത്ത, വീട്ടുവാടക ബത്ത, കുട്ടികളുടെ വിദ്യാഭ്യാസ ബത്ത, ലീവ് ട്രാവൽ കൺസ്സഷൻ, ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രാ ബത്ത തുടങ്ങിയവ ഉൾപ്പെടെ) അനുവദിക്കാവുന്നതാണോ;

iii.ഡോ.ഇ.ശ്രീകുമാറിനെ ദേശീയ പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കാവുന്നതും അദ്ദേഹത്തിനേയും അദ്ദേഹത്തിന്റെ

ആശ്രിതരേയും ആർ.ജി.സി.ബി- യുടെ കോൺട്രിബ്യൂട്ടറി ഹെൽത്ത് സർവീസ് സ്കീമിന്റെ (സി.എച്ച്എസ്എസ്) പരിരക്ഷയ്ക്ക് കീഴിൽ തുടരാൻ അനുവദിക്കാവുന്നതും; എൻ.പി.എസ്, സി.എച്ച്.എസ്.എസ് മുതലായവയ്ക്ക് ബാധകമായ പ്രതിമാസ കിഴിവുകൾ നടത്തി ആയവ പ്രതിമാസം ഡയറക്ടർ, ആർ.ജി.സി.ബി യ്ക്ക് നൽകാവുന്നതും; അന്യത്ര സേവന കലയാളവിലെ ലീവ് സാലറി സംഭാവനയും ആർ.ജി.സി.ബി യ്ക്ക് നൽകാവുന്നവുന്നതുമാണോ;

iv. ഔദ്യോഗിക യാത്രകൾക്കായി ഡ്രൈവർ സഹിതം ഒരു ഔദ്യോഗിക വാഹനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർക്ക് അനുവദിക്കാവുന്നതാണോ;

v.സമാന സ്ഥാപനങ്ങളുടെ ഡയറക്ടർമാർക്ക് വ്യക്തിപരമായി അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ, അതായത്, വീട്ടിൽ ഇന്റർനെറ്റ് കണക്ഷൻ/ ഫോൺ, മൊബൈൽ കണക്ഷൻ, ഔദ്യോഗിക ടെലിഫോൺ കണക്ഷനുകൾ, കാര്യനിർവ്വഹണത്തിനും സഹായത്തിനുമായുള്ള ജീവനക്കാർ, തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർക്ക് അനുവദിക്കാവുന്നതാണോ; ആയതിലേക്കായി ഒരു പേഴ്സണൽ അസിസ്റ്റന്റിന്റേയും ഒരു ഓഫീസ് അറ്റന്റന്റിന്റേയും തസ്തികകൾ ഐ.എ.വി യിൽ നിന്നുള്ള നിർദ്ധിഷ്ട ശിപാർശകൾ പരിശോധിച്ച് സൃഷ്ടിക്കേണ്ടതുണ്ട്.

9. ടി ശിപാർശകളിന്മേൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കി.

"The proposal is primarily for fixing the terms of appointment of the Director, IAV. Finance Department

therefore concurs with the proposal except the creation of posts, which will have to be taken up separeately."

10.ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയുടെ ശമ്പളവും അലവൻസുകളും ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതും, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർ.ജി.സി.ബി)-യിലെ സയന്റിസ്റ്റ് എഫ് ആയ ഡോ.ഇ.ശ്രീകുമാറിനെ അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേക്ക് നിയമിക്കുന്നതും ടിയാന്റെ ശമ്പളവും ബത്തകളും ഇതര ആനുകൂല്യങ്ങളും നിർണ്ണയിക്കുന്നതുമായ വിഷയങ്ങൾ മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ തസ്തികയുടെ പേ സ്കെയിൽ / ലെവൽ 7-ാം കേന്ദ്ര ശംമ്പള കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രകാരമുള്ള പേ ലെവൽ 14 -ൽ നിശ്ചയിക്കാവുന്നതാണോ;

2. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർ.ജി.സി.ബി)-യിലെ സയന്റിസ്റ്റ് എഫ് ആയ ഡോ.ഇ.ശ്രീകുമാറിനെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ ഡയറക്ടർ തസ്തികയിൽ, അന്യത്ര സേവന വ്യവസ്ഥയിൽ അഞ്ച് വർഷത്തേക്ക് നിയമിക്കാവുന്നതാണോ ;

3. ആർ.ജി.സി.ബി-യിൽ നിന്നും ലഭ്യമാകുന്ന, ടിയാൻ അവസാനം വാങ്ങിയ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 7-ാം കേന്ദ്ര ശമ്പള കമ്മീഷന്റെ നിർദ്ദേശങ്ങൾ പ്രകാരവും കേന്ദ്ര ശമ്പള നിർണ്ണയ ചട്ടങ്ങൾ പ്രകാരവും ടിയാന്റെ ശമ്പളം പേ ലെവൽ 14 ൽ നിശ്ചയിക്കാവുന്നതും, ആയതിനൊപ്പം എല്ലാ അനുബന്ധ ആനുകൂല്യങ്ങളും (ക്ഷാമബത്ത, വീട്ടുവാടക ബത്ത, കുട്ടികളുടെ വിദ്യാഭ്യാസ ബത്ത, ലീവ് ട്രാവൽ കൺസ്സഷൻ, ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ള യാത്രാ ബത്ത തുടങ്ങിയവ ഉൾപ്പെടെ) അനുവദിക്കാവുന്നതുമാണോ ;

4. ടിയാനെ ദേശീയ പെൻഷൻ പദ്ധതിയിൽ തുടരാൻ അനുവദിക്കാവുന്നതാണോ; അദ്ദേഹത്തിനേയും അദ്ദേഹത്തിന്റെ ആശ്രിതരേയും ആർ.ജി.സി.ബി- യുടെ കോൺട്രിബ്യൂട്ടറി ഹെൽത്ത് സർവീസ് സ്കീമിന്റെ (സി.എച്ച്എസ്എസ്) പരിരക്ഷയ്ക്ക് കീഴിൽ തുടരാൻ അനുവദിക്കാവുന്നതാണോ; എൻ.പി.എസ്, സി.എച്ച്.എസ്.എസ് മുതലായവയ്ക്ക് ബാധകമായ പ്രതിമാസ കിഴിവുകൾ നടത്തി ആയവ പ്രതിമാസം ഡയറക്ടർ, ആർ.ജി.സി.ബി യ്ക്ക് നൽകാവുന്നതാണോ; അന്യത്ര സേവന കലയാളവിലെ ലീവ് സാലറി സംഭാവനയും ആർ.ജി.സി.ബി യ്ക്ക് നൽകാവുന്നതാണോ;

5. ഡോ. ഇ ശ്രീകുമാറിന് അന്യത്ര സേവന കാലയളവിൽ തന്റെ നിലവിലെ പി.എ.ച്ച്ഡി വിദ്യാർത്ഥികളെ നിലനിർത്തുവാനും നയിക്കുവാനും അനുമതി നൽകാവുന്നതാണോ;

6. ആർ.ജി.സി.ബി യ്ക്ക് ബാധകമായതും, കാലാകാലങ്ങളിൽ ഭാരത സർക്കാർ നിർദ്ദേശിക്കുന്നതുമായ നിശ്ചിത തീയതികളിൽ ടിയാന് പ്രതിമാസ ശമ്പളം നൽകാവുന്നതാണോ;

7. ഡോ. ഇ ശ്രീകുമാറിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി കെട്ടിടത്തിൽ അനുയോജ്യമായ ഓഫീസ് മുറി കൂടാതെ

പ്രത്യേകമായി സജ്ജീകരിച്ച ഒരു ലബോറട്ടറിയും ഒപ്പമുള്ള ജീവനക്കാർക്ക് നിശ്ചിത പ്രവർത്തികൾ ചെയ്യുന്നതിനുള്ള സ്ഥല സൗകര്യങ്ങളും അനുവദിക്കാവുന്നതാണോ;

8. ഔദ്യോഗിക യാത്രകൾക്കായി ഡ്രൈവർ സഹിതം ഒരു ഔദ്യോഗിക വാഹനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ തസ്തികയ്ക്ക് അനുവദിക്കാവുന്നതാണോ;

9. സമാന സ്ഥാപനങ്ങളുടെ ഡയറക്ടർമാർക്ക് വ്യക്തിപരമായി അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ, അതായത്, വീട്ടിൽ ഇന്റർനെറ്റ് കണക്ഷൻ/ ഫോൺ,, മൊബൈൽ കണക്ഷൻ, ഔദ്യോഗിക ടെലിഫോൺ കണക്ഷനുകൾ, തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ തസ്തികയ്ക്ക് അനുവദിക്കാവുന്നതാണോ?